GHSS,MANGAD



# SRISHTI

# കേരളം

കാടും മേടും കാട്ടാറുകളും
കഥ പറയുന്നൊരു നാടല്ലോ
മണ്ണും വിണ്ണും സന്തോഷത്താൽ
പൂത്തു തളിർത്തൊരു നാടല്ലോ
തനതായുള്ളൊരു സംസ്കാരത്തെ
ഊട്ടി വളർത്തിയ നാടല്ലോ
പിച്ചികൾ  പൂക്കൾ തുമ്പകൾ അങ്ങനെ
ചെടികൾ വളരും നാടല്ലോ
ആചാര്യന്മാർ ജന്മം കൊണ്ടൊരു
പരിപാവനമാം നാടല്ലോ
ഭാർഗവ മുനിയാൽ രൂപപ്പെട്ടൊരു
ദൈവത്തിന്റെ തിരുനാട്

പ്രിയമോൾ, V B

# രാത്രി

മൺചിരാതിൻ പ്രഭ തൂകിയ നാരങ്ങ
കളൊന്നായ് വിരിഞ്ഞൊരാ പൗർണ്ണമിയിൽ
മെല്ലെ മയങ്ങി ഞാനല്ലോ കിനാവുമായ്
മൗന സംഗീതത്തിനീരടിയിൽ
നിശയിലുണരുവാൻ വാടിയിൽ പൂക്കളോ
നിമിഷങ്ങളെണ്ണിയും കാത്തിരിക്കേ
വിരിയാൻ തുടങ്ങുമാ മുല്ലയും സൗരഭ്യ
മൊരു ചെറു കാറ്റിലൊഴുക്കിയല്ലോ
ചിറകടിച്ചല്ലോ പറന്നു നിശാപ്പക്ഷി
പതിവെന്നപോലെയൊരാൽ മരത്തിൽ
എങ്ങും നിശബ്ദമിന്നല്ലോ വിമൂകമീ
രാവിൻ മടിയിലെനിയ്ക്കലിയാൻ
കനവുകളെത്തിയെൻ മനസ്സിനെയാശ്യാമ
രജനിയിൽ മെല്ലെത്തഴുക്ടുമ്പോൾ
മതിവരുവോളമെനിക്കുറങ്ങണം
മടിയിലായമ്മ തൻ പൈതലായി

ഷാനിമ എൻ

# മൗനത്തിന്റെ ഓടാമ്പൽ

പ്രണയിച്ചിരിക്കെ നിന്റെ മൗനം .....
വാക്കുകളേക്കാൾ ഹൃദ്യമായിരുന്നു
പരസ്പരം കലഹിച്ചപ്പോൾ നിന്റെ മൗനം....
എനിക്കുള്ള താക്കീതായിരുന്നു
അഭിപ്രായവ്യത്യാസത്തിന്റെ
പാരമ്യതയിൽ നിന്റെ
മൗനം...എന്റെ ചിന്തകളുടെ
ബോധ്യപ്പെടുത്തലുകളായിരുന്നു
അനുഭവത്തിന്റെ തീച്ചൂളയിൽ
ഉരുക്കിയെടുത്ത നിന്റെ
വാക്കുകൾക്കിടയിൽ
നീ തീർത്ത മൗനം...എന്നോടുള്ള
വിട്ടുവീഴ്ചയായിരുന്നു
ഏറ്റുവാങ്ങിയ ഓരോ
നഷ്ടപ്പെടലിലും
നീ പാലിച്ച മൗനം ....നീ കണ്ട
ജീമിതത്തോളം
ഞാൻ കണ്ടിട്ടില്ലെന്നതിന്റെ
സൂചനയായിരുന്നു
ഒറ്റപ്പെടുത്തിയപ്പോഴും
കുറ്റപ്പെടുത്തിയപ്പോഴും
നിന്റെ മൗനം....എനിക്കുള്ള
ശിക്ഷയായിരുന്നു
പറയാനേറെ ഉണ്ടായിട്ടും ഒന്നും
പറയാതെ പോയ നിന്റെ മൗനം
എനിക്കൊരു പാഠമായിരുന്നു

ഗായത്രി എസ്

# ബാല്യകാലം

ഇടിമിന്നലോടൊത്തു മഴപെയ്ത നേരത്ത്
മനതാരിലോർമ്മകൾ പെയ്തിറങ്ങി
മഴവില്ല് പോലെയാ നിറമുള്ള ബാല്യങ്ങവ
ഹൃദയാംബരത്തിൽ തെളിഞ്ഞു വന്നു
ഇല്ലപറമ്പിന്റെയതിരിന്റെയരികത്ത്
ഒരു നല്ല പാടവും തോടുമുണ്ട്
കൂട്ടുകാരേവരുമോടൊത്തുമവിടയായ്
പതിവായ് കളിച്ചതുമോർത്തിടുന്നു.
വേവുന്ന വെയിലിലും തോരാത്ത് മഴയിലും
ചോരാത്ത ചുറുചുറുക്കോടെ ബാല്യം.
പ്രകൃതിതൻ വികൃതിയോടൊത്തുര-
സിച്ചു കൊണ്ടാടിയും പാടിയും കിഴികിടുന്നു.
ഭയമോടെ ഞാനിന്നു ചെളിയിൽ ചവി-
ട്ടുമ്പോൾ ചിരിയുതിർത്തുള്ളിലെൻ ബാല്യകാലം.
പരിഹാസമൂറുന്ന ചിരികേട്ടുഞാനന്നു
വെറുതെ ചികഞ്ഞു കഴിഞ്ഞ കാലം.
വഴിയിൽ തളംകെട്ടി നിൽക്കുന്ന ചെളിവെള്ള-
മൂക്കോടെ കൂട്ടുകാർക്കിടയിലേയ്ക്കായ്.
ചിരിയോടെ കുസൃതിയാ. തട്ടിത്തെറിപ്പിച്ചു
പരിഭവം  തീർത്തയാ വേളയോർത്തു
ഒരുപാടു കൂട്ടുകാരൊരുമിച്ചു ചേർന്നു
കൊണ്ടോരുമയോടേറെകളിച്ച കാലം
ഓർക്കുമ്പോളുൾക്കാമ്പിലറിയാതെ
നിറയുന്നു മധുരം തുളുമ്പും
സുവർണ്ണകാലം.
കളികളിൽ കലഹങ്ങളേറെയുണ്ടെ
ങ്കിലും കടലോളമാനന്ദമായിരുന്നു.
ജീവിത പാഠങ്ങളൊരുപാടുവിളയിച്ച
ആ പാടമൊരു നല്ല വിദ്യാലയം

ഷാനിമ എൻ, 8A

# ഫ്രെയിമിലില്ലാത്തവൾ

എല്ലായിടത്തും ഞാനവളെ
കണ്ടിരുന്നു
എങ്കിലും ഒറ്റ ഫ്രെയിമിലും അവളില്ല
ഓട്ടപ്പാച്ചിലിനിടയിൽ ക്യാമറ കണ്ണിൽ
പതിയാതെ പോയവൾ
എല്ലാവരും ഒപ്പം ചേർന്ന് പോസ് ചെയ്യുമ്പോൾ
ഫ്രെയിമിന് പിന്നിലായവൾ
ഫോട്ടോയിൽ എല്ലാവരും
അവരവരുടെ പിക്സലുകൾ എണ്ണി
തിട്ടപ്പെടുത്തുമ്പോൾ
അതുകണ്ട് മറ്റുള്ളവർ അവർക്ക്
വിലയിടുമ്പോൾ
തെളിവുകളൊന്നും ഇല്ലാതായവൾ
തെളിയിക്കാനും ബോധിപ്പിക്കാനും
ഒന്നും ചെയ്യാത്തവൾ

ഗായത്രി എസ്

# ബാല്യകാലം

ഇടിമിന്നലോടൊത്തു മഴപെയ്യുന്നേരത്ത്
മനതാരിലോർമ്മകൾ പെയ്തിറങ്ങി
മഴവില്ല് പോലെയാ നിറമുള്ള ബാല്യങ്ങൾ
ഹൃദയാംബരത്തിൽ തെളിഞ്ഞു വന്നു
ഇല്ലപറമ്പിന്റെയതിരിന്റെയരികത്ത്
ഒരു നല്ല പാടവും തോടുമുണ്ട്
കൂട്ടുകാരേവരുമോടൊത്തുമവിടയായ്
പതിവായ് കളിച്ചതുമോർത്തിടുന്നു.
വേവുന്ന വെയിലിലും തോരാത്ത് മഴയിലും
ചോരാത്ത ചുറുചുറുക്കോടെ ബാല്യം.
പ്രകൃതിതൻ വികൃതിയോടൊത്തുര-
സിച്ചു കൊണ്ടാടിയും പാടിയും കിഴികിടുന്നു.
ഭയമോടെ ഞാനിന്നു ചെളിയിൽ ചവി-
ട്ടുമ്പോൾ ചിരിയുതിർത്തുള്ളിലെൻ ബാല്യകാലം.
പരിഹാസമൂറുന്ന ചിരികേട്ടുഞാനന്നു
വെറുതെ ചികഞ്ഞു കഴിഞ്ഞ കാലം.
വഴിയിൽ തളംകെട്ടി നിൽക്കുന്ന ചെളിവെള്ള-
മൂക്കോടെ കൂട്ടുകാർക്കിടയിലേക്കായ്.
ചിരിയോടെ കുസൃതിയാ. തട്ടിതെറിപ്പിച്ചു
പരിഭവം തീർത്തയാ വേളയോർത്തു
ഒരുപാടു കൂട്ടുകാരൊരുമിച്ചു ചേർന്നു
കൊണ്ടൊരുമയോടേറെകളിച്ച കാലം
ഓർക്കുമ്പോളുൾക്കാമ്പിലറിയാതെ
നിറയുന്നു മധുരം തുളുമ്പും
സുവർണ്ണകാലം.
കളികളിൽ കലഹങ്ങളേറെയുണ്ടെ
ങ്കിലും കടലോളമാനന്ദമായിരുന്നു.
ജീവിത പാഠങ്ങളൊരുപാടുവിളയിച്ച
ആ പാടമൊരു നല്ല വിദ്യാലയം

ഷാനിമ എൻ
8A

# Quotes

1. "What a piece of work is a man! how noble in reason! how infinite in faculty!, in form and moving how express and admirable! in action how like an angel ! in apprehension how like a God!"

   William Shakespeare

2. "Have more than you show,
   Speak less than you knew"

   William Shakespeare

3. "Do not think of todays failure, but of the success that may come tomorrow"

   Helen Keller

4. "You become strong by defying defeat and by teming loss and failure into success"

   Nepoleon Hill

5. "You cannot change failure, but you can change your habits and surely your habit will change your failure"

   Dr. A P J Abdul Kalam

6. "It is very simple to be happy, but it is very difficult to be simple"

   Rabindranath Tagore

7. "What people think about us is more important that what really we are"

   Jawaharlal Nehru

8. "It takes great courage to see the world in all its tainted glory and still to love it"

   Oscar Wild

**Shanima N**

# അവൻ വരാതെയായതിൽ
## പിന്നെയാണ്......

അവൻ വരാതെയായതിൽ
പിന്നെയാണ്......
ലാസ്റ്റ് ബെഞ്ചിലെ അറ്റത്തെ
ഇരിപ്പിടം ശൂന്യമായത്.
ക്ലാസ്സ് ഇത്രമേൽ നിശബ്ദമായത്.
കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ
എന്ന് ഞാൻ പറയുമ്പോൾ
അവൻ ഭാഷകളെ വേണ്ടാത്ത
ലോകത്തായിരുന്നു.
വെള്ളായിയപ്പനൊപ്പം ഞങ്ങൾ
കണ്ണൂര് പോയപ്പോഴും
കടല് കണ്ടപ്പോഴും
അവൻ മറ്റെവിടെയോ ആയിരുന്നു.
ഏറ്റവും വികൃതി പിടിച്ചവൻ
ഒന്നും പഠിപ്പിക്കാൻ
സമ്മതിക്കാത്തവൻ.
എന്നിട്ടുമവൻ ക്ലാസ്സിലില്ലെങ്കിൽ
വല്ലാത്ത ശൂന്യതയാണ്

ജിജി ജാസ്മിൻ

# ഇഷ്ടമെന്ന കാറ്റ്

അരുതെന്നെത്ര പറഞ്ഞിട്ടും
ഒരു കാറ്റിവിടെ
വല്ലാത്ത ശാഠ്യത്തോടെ
പാറി നടക്കുകയാണ്
മലഞ്ചെരുവുകളിൽ
ഞാൻ വരച്ചിട്ട
മരക്കൂട്ടങ്ങൾക്കുമപ്പുറത്ത്
നിന്നാണെന്ന് വരുന്നത്
ഞാൻ വിളിച്ചിട്ടാണെന്ന്,
പോകാൻ മനസ്സില്ലാന്ന്
ഇന്നലെ എന്റെ സ്വപ്നങ്ങളുടെ
മലർപ്പൊടി തട്ടിക്കളഞ്ഞു.
മുപ്പത്താറടിതാഴ്ചയിൽ നിന്ന്
ഞാൻ മെനെക്കെട്ട് കോരി വെച്ച
വെള്ളത്തിനുമേൽ
കരിയില പറത്തിയിട്ടു.
എന്റെ തൊടിയിലെ
കുഞ്ഞുപൂക്കളെയും
ഞാവൽ പഴങ്ങളെയും
കൊഴിച്ചിടാൻ നോക്കി
ഇപ്പോൾ രാവും പകലും
ഞാനിവിടെ കാവൽ നിൽപ്പാണ്
എന്നിട്ട് എന്റെ മുറികളിലൊക്കെ
ഒഴുകി നടക്കുന്നു
ഞാൻ കാണാതിരിക്കാൻ

ജാലകവിരികൾക്കിടയിൽ
മറഞ്ഞുനിൽക്കുന്നു
പിന്നെ മണൽകൊണ്ട്
നട്ടുമുറ്റത്തെ ചിത്രം വരച്ചു
നിനക്കിത് ചേരില്ലാന്ന് പറഞ്ഞിട്ട്,
കവിത നിറയുന്ന കണ്ണുകളെ
ഇങ്ങനെ കാണണമെന്ന്
പറഞ്ഞിട്ട്,
എന്റെ കണ്ണട
എവിടെയോ ഒളിപ്പിച്ചു.
എനിക്കൊപ്പം പറന്നു
നടക്കട്ടേയെന്ന്,
എന്റെ മുടിയിഴകളെ
കെട്ടഴിച്ചു വിട്ടു
നിന്നെ കൊണ്ടിനിയും വയ്യെന്ന്
പറയുമ്പോൾ
പോകാമെന്നൊരു വെറുംവാക്ക്
തൊടുക്കും
എന്നിട്ടും നീ പോകുമ്പോൾ
പോകേണ്ടയെന്നൊരു
കിളി ഉള്ളിലിരുന്ന് ചിലയ്ക്കും

# കോഴിയും പട്ടിയും

ഒരിടത്ത് ഒര് കോഴിയും പട്ടിയുമുണ്ടായിരുന്നു.അവർ നല്ല കൂട്ടുകാരായിരുന്നു.ഒരുമിച്ച് കളിക്കുകയും കഴിക്കുകയും ഉറങ്ങുകയും ചെയ്തിരുന്നു.ഒരു ദിവസം കോഴി പട്ടിയോട് ചോദിച്ചു,നമുക്ക് ഒരുമിച്ച് കാട്ടിലേക്ക് ഒരു യാത്ര പോയാലോ.അത് കേട്ടപ്പോൾ പട്ടിക്ക് വളരെ അധികം സന്തോഷമായി.പട്ടി യാത്രക്ക് പോകാൻ സമ്മതിച്ചു.അങ്ങനെ അവർ ഒരുമിച്ച് യാത്ര തുടങ്ങി.അവർ പോകുന്ന വഴിക്ക് പല രസകരമായ കാഴ്ചകളും കണ്ടു.പല പല നിറങ്ങളുള്ള പക്ഷികൾ,പൂമ്പാറ്റകൾ,,പ്രാണികൾ...അങ്ങനെ അവർ നടന്ന് നടന്ന് നേരം വൈകി.രാത്രിയായപ്പോൾ കോഴി പട്ടിയോട് പറഞ്ഞു നമുക്ക് ഇന്ന് ഇനി ഈ മരത്തിൽ ഇരുന്ന് ഉറങ്ങാം.പട്ടി പറഞ്ഞു,ഞാൻ ഈ മരത്തിനടിയിലുള്ള മരപ്പൊത്തിൽ കിടന്ന് ഉറങ്ങാം.നീ മരത്തിന്റെ മുകളിലത്തെ കൊമ്പിൽ കയറി ഉറങ്ങിക്കോളൂ.അങ്ങനെ രണ്ടുപേരും ഉറക്കമായി.
രാവിലെ ആയപ്പോൾ കോഴി എഴുന്നേറ്റ് കൂവി.ആ കാട്ടിൽ ഉണ്ടായിരുന്ന ഒരു കുറുക്കൻ ഇത് കേട്ടു.കുറുക്കൻ തന്നോട്

തന്നെ പറഞ്ഞു. എനിക്ക് ഇന്നത്തെ ഭക്ഷണം കുശാലായി.കുറുക്കൻ കോഴി ഇരുന്ന മരത്തിന്റെ അരികിൽ എത്തി.എന്നിട്ട് പറഞ്ഞു, ഹായ് എന്റെ സുഹൃത്തേ,ഞങ്ങളുടെ കാട്ടിലേക്ക് സ്വാഗതം.നീ താഴേക്ക് ഇറങ്ങി വന്നാൽ ഞാൻ നിന്നെ ഈ കാട് മുഴുവൻ ചുറ്റി കാണിക്കാം.തന്നെ അപകടപ്പെടുത്താനാണ് കുറുക്കൻ വന്നതെന്ന് കോഴിക്ക് മനസ്സിലായി.അവന് ഒരു നല്ല പണികൊടുക്കണമെന്ന് കോഴി വിചാരിച്ചു.തന്റെ കൂട്ടുകാരനായ പട്ടി കിടക്കുന്ന വഴി വരാൻ പറയാം.ബാക്കി അവൻ കൈകാര്യം ചെയ്തോളും,കോഴി വിചാരിച്ചു.കുറുക്കനോട് ആ മരപ്പൊത്തിലൂടെ വരാൻ കോഴി പറഞ്ഞു.മരപ്പൊത്തിലെത്തിയപ്പോഴാണ് കുറുക്കൻ പട്ടിയെ കണ്ടത്.കുറുക്കൻ തിരിഞ്ഞ് ഒറ്റയോട്ടം.പിറകേ പട്ടിയും.ഇതെല്ലാം കണ്ട കോഴി പൊട്ടിച്ചിരിച്ചു.

ഗുണപാഠം മധുരമായ പ്രലോഭനങ്ങളിൽ വീഴരുത്.

ഗൗരിനാഥ് ഐ വി

## ആസ്വാദനക്കുറിപ്പ്

ഞാൻ ഒരുപാടു പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്.ഒരു മികച്ച പുസ്തകമതിൽനിന്നും തെരെഞ്ഞെടുക്കുകയെന്നത് തികച്ചും ബുദ്ധിമുട്ടുളവാക്കുന്നതാണ്.വായിച്ചതിൽ മികച്ചതേതെന്നു ചിന്തിച്ചപ്പോൾ മുതൽ പല സംശയങ്ങളും ചോദ്യങ്ങളും എന്നെ ചൂഴ്ന്നു . ഒരു കൃത്യവും വ്യക്തവുമായ ഉത്തരം എനിക്കു കിട്ടി.ഒറ്റ വാക്കിൽ ആ ഉത്തരം ലഭിച്ചതിൽ ഞാനേറെ സന്തുഷ്ടയുമായി.ആ ഉത്തരം "ആരാച്ചാർ" എന്നായിരുന്നു.തികച്ചും ഒരു സ്ത്രീയിൽ സംഭവിച്ചുവെന്ന് കരുതുന്ന എന്നാൽ സംഭവിച്ചിട്ടില്ലാത്ത സാധാരണയിൽ അസാധാരണവും അസാധാരണയിൽ സാധാരണവുമായ ഒരു കഥ.ഓരോ വാക്കിലും പല അർത്ഥങ്ങൾ ഉണ്ടെന്ന് തോന്നിപ്പോയിട്ടുണ്ട്.ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇതു വളരെ നല്ലോരനുഭവം തന്നെയാണ്.എനിക്ക് ഈ പുസ്തകം പല അറിവുകളും സമ്മാനിച്ചു.പരമ്പരാഗത തൊഴിലായ ആരാച്ചാർ തൊഴിലിൽ ജീവിച്ചു പോകുന്ന ഒരു കുടുംബത്തേയും തൊഴിലിന്റെ ക്രൂരതയ്ക്കും മറ്റും വിദേയയായ ഒരു ആൺകുട്ടിയേയും പഴങ്കഥകളുടെ ബലത്തിൽ ജീവിക്കുന്ന മുത്തശ്ശിയേയും സ്വാർത്ഥനും ക്രൂരനുമായ ഒരു അച്ഛനേയും ഇവർക്കെല്ലാം വിധേയയായി എല്ലാവരിലും വിശ്വാസമർപ്പിച്ച് പുരുഷൻമാരുടെ അഭാവത്തിൽ ആരാച്ചാർ പദവിയേറ്റെടുക്കുന്ന ആദ്യ സ്ത്രീയായിട്ടും തിളങ്ങുകയും ഒരു വശത്ത് പലതും അടക്കിപ്പിടിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയേയും ഞാനീ നോവലിൽ കണ്ടു.താൻ പ്രശസ്തയാകുന്ന ചില ദിനരാത്രികളിലും അവളുടെ ചിന്ത മുത്തശ്ശി പറഞ്ഞു തന്ന പഴങ്കഥകളുമായി ബന്ധപ്പെട്ടിരിക്കുന്നു.ഒരു സ്ത്രീയുടെ വേറിട്ട അനുഭവം എന്നിലുണ്ടാക്കിയ ആശയക്കുഴപ്പങ്ങളേറെ തന്നംയാണ്.പക്ഷെ ഇപ്പോളതിനെല്ലാം ഉത്തരം ലഭിച്ചിട്ടുണ്ട്.എന്റെ പ്രിയപ്പെട്ട നോവലുകളിലൊന്നു തന്നെയാണ് "ആരാച്ചാർ" എന്ന നോവൽ

ഷാനിമ എൻ
8A

## കൃഷി ചൊല്ലുകളും അവയുടെ ആശയങ്ങളും

1. എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം
(നല്ല പോലെ അധ്വാനിച്ചാൽ സുഖമായി അനുഭവിക്കാം)

2. മണ്ണ് വിറ്റു പൊന്നു വാങ്ങരുത്
(മണ്ണിനേക്കാൾ വലുതല്ല പൊന്നു)

3. കൈ അനങ്ങിയാലെ വായ അനങ്ങു
(അധ്വാനിച്ചാലേ ആഹാരം ലഭിക്കൂ)

4. വിത്ത് ഗുണം പത്തു ഗുണം
(ഗുണ മേന്മ ഉള്ള വിത്തായാൽ അതിനുപത്തിലേറെ ഗുണം കാണും)

5. ഞാറായാൽ ചോറായി
(ഞാറു നട്ടാൽ ചോറിനുള്ള വകയായി)

AROMAL A AND ASWIN

# കഥകളി

കേരളത്തിന്റെ തനതായ ദൃശ്യ കലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കലാരൂപംപരിഷ്കരിച്ചാണ്കഥകളി ഉണ്ടായത് . കഥകളിയിലെ കഥാപാത്രങ്ങൾ പ്രധാനമായും പച്ച, കത്തി ,കരി, താടി , മിനുക്ക് എന്നിങ്ങനെയുള്ള വേഷങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്.ശാസ്ത്രക്കളി , ചാക്യാർകൂത്ത് ,കൂടിയാട്ടം,കൃഷ്ണനാട്ടം,അഷ്ടപദിയാട്ടം ,ദാസിയാട്ടം ,തെരുക്കൂത്ത്,തെയ്യം ,തിറയാട്ടം ,പടയണി തുടങ്ങിയവ ക്ലാസിക്കൽ കഥകളിയിൽ ദൃശ്യമാണ് .17-18നൂറ്റാണ്ടുകളിലായിഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്നവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രശസ്തി കൈവരിച്ചിരിക്കുന്നു . നാട്യം ,നൃത്തം നൃത്യം, എന്നിവയെ അംഗികമെന്നഅഭിനയോപാധിയിലൂടെ സമന്വയിപ്പിച്ചു അവതരിപ്പിക്കുകയാണ് കഥകളിയിൽ .ഒരുവാക്യത്തിൽ പറഞ്ഞാൽ അംഗികമാണ് കഥകളിയുടെ മർമം .കഥകളിക്കു വേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണ ഭാഗങ്ങളായ പദങ്ങൾ ,പാട്ടുകാർ പിന്നണിയിൽ നിന്ന് പാട്ടുകയും നടൻമാർ കാവ്യത്തിലെപ്രതിപാദ്യംഅരങ്ങത്ത് അവതരിപ്പിക്കുകയും ചെയുന്നു.അഭിനയത്തിനിടയിൽ നടന്മാർ ഭാവാവിഷ്കരണപരവും ,താളാത്മകവുമായ രംഗ ചലനങ്ങളും അംഗചലനങ്ങളും പ്രദർശിപ്പിക്കുന്നു. ഇങ്ങനെ അഭിനയത്തിലും അതടങ്ങുന്ന രംഗങ്ങളുടെ പരമ്പരയിലും ഇതിവൃത്തം അരങ്ങത്തവതരിപ്പിച്ചു രസാനുഭൂതി ഉളവാക്കുന്ന കലയാണ് കഥകളി .മുഖ ഭാവങ്ങളിലൂടെ നടൻമാർ അരങ്ങത്ത് അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത് .കഥകളിയിലെ വേഷങ്ങൾ

പച്ച - സത്കഥാപാത്രങ്ങൾ

കത്തി - രാജസ കഥാപാത്രങ്ങൾ

കരി - രാക്ഷസിമാർ

ചുവന്ന താടി - താമസ കഥാപാത്രങ്ങൾ

കറുത്ത താടി - കാട്ടാളർ

# കണക്കിലെ കളി

കണക്ക് നോക്കി കണ്ണ് കുഴഞ്ഞു
കഴുത്തിൽ വേദന വന്നു തുടങ്ങി
കൂട്ടി കിഴിച്ചു കൈവിരലു കുഴഞ്ഞു
കൈ എത്തും ദൂരത്താ
കഴിവുകൾ വേണം കണക്കിൽ കളിയിൽ
കണ്ണൊന്നു പിഴച്ചാൽ കാര്യം കഷ്ടം
കണക്കിലെ കളികൾ പലതാണ്
കണ്ടു നിന്നാൽ കൗതുകമാ
കാര്യം ഇത്തിരി ഗൗരവമാ
കണക്കു പിഴച്ചാൽ കൈ വിട്ടു
കാര്യം നേടാൻ കണക്കുണ്ട്
കൈ വിട്ടു പോയാൽ നേടില്ല
കാലം തന്നൊരു കണക്കല്ലേ
കണക്കിനെ നമ്മൾ പഠിക്കേണ്ടേ
കഴിവും കുറവും നോക്കേണ്ടേ
കണക്കിൽ മണ്ട പുകക്കേണം
കാറ്റും മഴയും കണ്ടെത്താൻ
കണക്കിനെ കൂട്ടുപിടിക്കുന്നു
കാലുകൾ കൈകൾ തരിച്ചാലും
നാം കണക്കിലെ കളികൾ കണ്ടെത്തും.........

AKSA RAJESH